ഇതുവരെ നേരേചൊവ്വേ ഓപ്പറേഷൻ ചെയ്തു് അവരെ രോഗവിമുക്തി പ്രാപിക്കുവാനുള്ള യാതൊരുവിധ ഉപകരണവും ഈ ഡിപ്പാർട്ടുമെൻറിനു് കൊടുക്കാൻ സാധിച്ചിട്ടില്ല. അതുപോലെതന്നെ മുഖ്യമന്ത്രി നേരിട്ടു് ചാർജ് വഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു് ആരോഗ്യവകുപ്പു്. കുഷ്ഠരോഗാശുപത്രിക്കു് നാലഞ്ചു് വർഷമായിട്ടു് ഒരു ശനിദശയാണു്. ആറാം പഞ്ചവൽസരപദ്ധതിയിൽ ഏതാണ്ടു് 14 ലക്ഷം രൂപ കൊരട്ടി കുഷ്ഠരോഗാശുപത്രിക്കു് ഇൻഡ്യാ ഗവൺമെൻറു് അനുവദിച്ചതാണു്. പക്ഷേ കേരള ഗവൺമെൻറിൻെറ ഉത്തരവാദിത്വമില്ലാത്ത പ്രവർത്തികൊണ്ടു് അതു് നഷ്ടപ്പെട്ടു പോയിരിക്കുന്നു. അങ്ങനെ ഈ കുഷ്ഠരോഗാശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന 750 ഓളം വരുന്ന രോഗികളെ അവിടെക്കിടന്നു് മരിക്കാതിരിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യാൻ മുഖ്യമന്ത്രിക്കു് കഴിയണം. അവർക്കു് വേണ്ട ഉപകരണങ്ങളും ഉടനടി അവിടെ എത്തിക്കുന്നതിനുള്ള ഏർപ്പാടു് ചെയ്യണം. അതു് ഒരു യുദ്ധകാലാടിസ്ഥാനത്തിൽതന്നെ നടത്തണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ ആവശ്യമായ ഡോക്ടർമാരും മരുന്നുകളും ഉപകരണങ്ങളുമൊക്കെ ഉണ്ടു്. എസ്റ്റാമേറ്റ്സ് കമ്മിറ്റി അവിടെ പോയി ശുപാർശ ചെയ്തതിൻെറ അടിസ്ഥാനത്തിൽ അതിൻെറ ഭാഗമായി കെട്ടിടങ്ങളും നേരെയാക്കാനും കിണർ ശുദ്ധീകരിക്കാനുമൊക്കെയുള്ള നടപടികളും സ്വീകരിച്ചു. സർ, ആ ജോലി മുഴുവൻ ഏറ്റെടുത്തിട്ടുള്ളതു് അവിടത്തെതന്നെ പേഷ്യൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണു്. അവർ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികളും തീർത്തു കഴിഞ്ഞിട്ടുണ്ടു്. കിണറും അവർ തന്നെ ശുദ്ധീകരിച്ചിട്ടുണ്ടു്. ഇതൊക്കെ അവർതന്നെ കോൺട്രാക്ടു് എടുത്താണു ചെയ്തതു്. മറ്റു് അറ്റകുറ്റപണികളും തീർത്തതോടൊപ്പംതന്നെ കെട്ടിടം പണി ഘട്ടംഘട്ടമായി നടത്തുന്നതിനു് അവർതന്നെ കരാർ എടുത്തിരിക്കുകയാണു്. പ്രവർത്തികളും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണു്.

13. വടകരയിലെ പി. എച്ചു് ഇ. ഡി. ഡിവിഷൻ ആഫീസു്

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി കെ. എം. മാണിയുടെ ശ്രദ്ധയിൽപ്പെടുത്താനാണു്. ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നതു്. വടകരയിലെ ഒരു പി. എച്ചു്. ഇ. ഡി. ഡിവിഷൻ ഓഫീസു് 15 കൊല്ലങ്ങളിൽ കൂടുതലായിട്ടു് അവിടെ ഫംഗ്ഷൻ ചെയ്യുന്നുണ്ടായിരുന്നു. ആ പി. എച്ചു്. ഇ. ഡി. ഡിവിഷൻ ഓഫീസു് ഏതാണ്ടു് രണ്ടുകൊല്ലങ്ങൾക്കു മുമ്പു് വടകരയിൽ നിന്നു മാറ്റി. വടകരയിൽ ധാരാളം പ്രവർത്തനങ്ങളുണ്ടു്. അവിടെ ഒരു ഡിവിഷണൽ ഓഫീസു് ആവശ്യമാണെന്നാണു്. ഞങ്ങൾക്കൊക്കെ തോന്നിയതു്. പക്ഷേ അന്നത്തെ മന്ത്രി അതു് മാറ്റിസ്ഥാപിച്ചു. അതിനെതിരായിട്ടു് അവിടത്തെ രാഷ്ട്രീയ കക്ഷികളെല്ലാം സമരം നടത്തി. അവിടെയുള്ളതായിട്ടുള്ള നിയമസഭാസാമാജികൻ ഉൾപ്പെടെ വളരെയേറെപ്പേരും അസ്സറ്റു ചെയ്യുകയും ചെയ്തു. വളരെവേഗം ഇതു് പുനഃസ്ഥാപിക്കണമെന്നു് അന്നു് ആവശ്യപ്പെട്ടിരുന്നു. ആ പി. എച്ചു്. ഇ. ഡി. ഓഫീസു് ആദ്യം ഒരു സ്ഥലത്തേക്കു് കൊണ്ടുപോകാനായിട്ടു് ഉദ്ദേശിച്ചു. അതു പിന്നെ മാറ്റി വേറൊരിടത്തു് സ്ഥാപിച്ചു. ഇന്നിപ്പോൾ അഞ്ചു പഞ്ചായത്തുകൾക്കുള്ള അവിടത്തെ ചോറോടു് ജലസേചന പദ്ധതിക്കു് ഏതാണ്ടു് മൂന്നു കോടിയിലധികം. ഉറുപ്പികകൂടി ഇനിയും ചെലവാക്കേണ്ടതുണ്ടു്. വടകര മുനിസിപ്പാലിറ്റി ആഗ്മെൻറേഷൻ സ്കീം ഉണ്ടു്. വേറെയും പുതിയ പ്രവർത്തനങ്ങളും ഉണ്ടു്. കുറ്റ്യാടി കനാലിൻെറ സബ്കനാൽ വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഉണ്ടാക്കിയിട്ടുണ്ട്. ആ നിലയിൽ ഈ സബ്മിഷൻ വഴി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, പി. എച്ച്. ഇ. ഡി. ഡിവിഷൻ ഓഫീസ്. സൂപ്രണ്ടിംഗ് എൻജിനീയർ ഉൾപ്പെടെ വീണ്ടും ഈ ഓഫീസ് വടകരയിൽ പുനഃസ്ഥാപിക്കാനായിട്ടുള്ള കാര്യം പര്യാലോചിക്കണമെന്നാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരങ്ങളോട് ഞാൻ യോജിക്കുന്നു. പക്ഷേ ഇത് ഉണ്ടായത് ജല അതോറിറ്റി അന്ന് വർക്ക്‌ലോഡ് പരിശോധിച്ചുകൊണ്ട് റീ-ഓർഗനൈസേഷൻ നടത്തി. അപ്പോൾ വടകരയിൽ വർക്ക് കുറവാണെന്നുള്ള നിലയിൽ അവിടെയിരിക്കുന്ന ഡിവിഷൻ ഓഫീസ് കോഴിക്കോട്ടേക്ക് മാറ്റി. പക്ഷേ ഒരു കാര്യം ശരിയാണ്. അതിനുശേഷം ഇപ്പോൾ വളരെയധികം വർക്ക് വടകരയിലും പരിസര പഞ്ചായത്തുകളിലും വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടുനിന്ന് ഒരു ഡ്രെയിനേജ് ഡിവിഷൻ ഓഫീസ് ഉടനെതന്നെ വടകരയിലേക്ക് വീണ്ടും മാറ്റി സ്ഥാപിക്കുന്നതിന് ഓർഡേഴ്സ് കൊടുക്കുന്നുണ്ട്. എന്നിക്ക് കിട്ടിയ ഇൻഫർമേഷൻ കോഴിക്കോട്ടെ പി. എച്ച്. ഇ. ഡി. ഡ്രെയിനേജ് ഡിവിഷൻ ഓഫീസ് വടകരയ്ക്ക് മാറ്റി സ്ഥാപിക്കാനാണ്. അതു മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഓർഡേഴ്സ് നൽകുകയാണ്. നിലയ്ക്ക് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നു ഞാൻ കരുതുന്നു.

14. നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, നാളികേര വികസന കോർപ്പറേഷൻ കേര കർഷകരെ സംരക്ഷിക്കാൻ ഉണ്ടാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ രണ്ട് സംസ്കരണ പ്ലാന്റുകളും ആറിങ്ങലിലും കോഴിക്കോട് തിരുവഞ്ചൂരിലും സ്ഥാപിക്കുകയും ചെയ്തു. സർ, ഇന്ന് ആ കോർപ്പറേഷൻ കൊപ്ര സംഭരിക്കുന്നില്ലെന്നുമാത്രമല്ല നാഫെഡും മാർക്കറ്റിങ്ങ് ഫെഡറേഷനും സംഭരിച്ച കൊപ്രപോലും അതിന്റെ സംസ്കരണ പ്ലാന്റിലേയ്ക്ക് കൊടുക്കുന്നില്ല. മുപ്പത്താറായിരം ടൺ കപ്പാസിറ്റി ഉണ്ട് സർ. പതിനാലായിരം ടണ്ണാണ് രണ്ടു സ്ഥലത്തുമായി അവിടെ സംസ്കരിക്കാറ്. ബാക്കി പതിനായിരം ടണ്ണും അവരുടെ കൈവശമുണ്ടായിരുന്നതും കുറെ സ്വകാര്യ മില്ലുകാരെക്കൊണ്ട് വാടകയ്ക്ക് എടുത്തു കൊടുക്കും. സർ, 4,500 രൂപയാണ് ഒരു ദിവസത്തെ വാടക. 1,500 ഉറുപ്പികയേ കറന്റു ചാർജും തൊഴിലാളികളുടെ കൂലിയ്ക്കുംവേണ്ടി വരുകയുള്ളൂ. അങ്ങനെ മൂവായിരം രൂപ ദിവസംപ്രതി വാടക കൊടുക്കുന്നു. ഈ സ്വകാര്യ മില്ലുകാർ സംസ്കരിക്കുന്ന പിണ്ണാക്കിൽ 8 ശതമാനം മുതൽ 15 ശതമാനംവരെ വെളിച്ചെണ്ണ ബാക്കിയുണ്ടാകുന്നു. മാർക്കറ്റ് വിലയ്ക്ക് ആ പിണ്ണാക്ക് വില്ക്കേണ്ടതാണ്. പകരം അതും സ്വകാര്യ വ്യക്തികൾക്ക് വില്പന നടത്തുന്നു. ഇതിന്റെയൊക്കെ ഫലമായി സർ, ഏറ്റവും ചുരുങ്ങിയത് മൂന്നു കോടി രൂപ നഷ്ടപ്പെടുത്തി എന്നല്ല പറയേണ്ടത് സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് ആ കോർപ്പറേഷൻ തന്ത്രപൂർവ്വം കൊടുത്തിരിക്കുന്നത് എന്നാണ്. കോഴിക്കോട് ഉള്ള കോർപ്പറേഷനിൽ 25 തൊഴിലാളികളെ പിരിച്ചുവിടാൻ പോകുന്നു. അവർക്ക് നൂറുദിവസംപോലും ജോലി കൊടുക്കാനില്ല. കിട്ടിയ കൊപ്ര സ്വന്തം ഫാക്ടറിയിൽ സംഭരിക്കാതെ അത് സ്വകാര്യ വ്യക്തികളുടെ ഫാക്ടറിയിൽ കൊടുത്ത് സ്വന്തം തൊഴിലാളികളെ പിരിച്ചുവിടാൻ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളിൽ നിർത്തേണ്ടതാണ്. അതുകൊണ്ട് കോഴിക്കോട് കൊപ്രാ സംസ്കരണ കേന്ദ്രത്തിനാവശ്യമായ കൊപ്രാ സംഭരിച്ചുകൊടുക്കണം; തൊഴിലാളികളെ പിരിച്ചുവിടരുത്, അത് മൂന്നു

LIBRARY ARCHIVES Kerala Legislative Assembly